(23) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

ശ്രീമതി രാധാരാഘവൻ : സർ, 28-ാം തീയതിയിലെ ശ്രദ്ധക്ഷണിക്കലാണ് സബ്മിഷനായി അവതരിപ്പിക്കുന്നത്. ട്രെയിൻ വൈകിയതുകൊണ്ട് എനിക്ക് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നല്കാനുള്ള നടപടി പ്രാവർത്തികമാക്കുന്നതിന് സർക്കാരിന് ഇതേവരെ സാധിച്ചിട്ടില്ല. സമയബന്ധിതമായി ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കണം. പട്ടിക വർഗ്ഗകാരുടെ നേരെയുള്ള അക്രമങ്ങൾ ഇന്ന് വളരെയധികം വർദ്ധിച്ചിരിക്കുന്നു. ആരോടും പരാതിപ്പെടാനില്ല. പരാതിപ്പെട്ടാൽ തന്നെ വീണ്ടും അക്രമം നടക്കുമെന്ന് ഭയപ്പെട്ട് സഹിച്ചു കഴിയുന്നവർ ഇന്നും ഉണ്ട്. വയനാട്ടിലും അട്ടപ്പാടിയിലും വിതുരയിലുമൊക്കെ അക്രമത്തിന് ഇരയായ അനേകം ആദിവാസി കുടുംബങ്ങളുണ്ട്. ഇവരുടെ മേൽ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന കേസുകളിൻ മേൽ കാലതമാസമില്ലാതെ കേസന്വേഷണം പൂർത്തിയാക്കി നടപടി കൈക്കൊള്ളണം. അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗക്കാർക്ക് വേണ്ട സാമ്പത്തിക-തൊഴിൽ സഹായം സമയബന്ധിതമായി നൽകാൻ സർക്കാർ തയ്യാറാകണം. ഇന്നും വലിയൊരു പ്രശ്നമാണ് വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാർ. അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണം. രൂക്ഷമായ തൊഴിലില്ലായ്മയും ആദിവാസി വിഭാഗങ്ങൾ നേരിടുന്നു. തൊഴിലില്ലാതെ പട്ടിണിയിൽ കഴിയുന്ന പതിനായിരങ്ങൾ ഇന്ന് കേരളത്തിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളിലുണ്ട്. വനം വകുപ്പിന്റെ പണികൾ ആദിവാസികൾക്ക് നല്കണം. പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി സംവരണം ചെയ്തിരിക്കുന്ന മുഴുവൻ ഒഴിവുകളിലും അവർക്ക് നിയമനം കൊടുക്കണം. പട്ടികവർഗ്ഗ വിദ്യാഭ്യാസ പദ്ധതികളും ആകെ താളം തെറ്റിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തേണ്ട പദ്ധതികൾ പലതും പൂർത്തീകരിച്ചിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കേണ്ട തുക മുഴുവൻ ചെലവഴിക്കാനും വീഴ്ച വരുത്തുന്നവരുടെ മേൽ നടപടിയെടുക്കാനും തയ്യാറാകണം. പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചു നല്കണം. ആരോഗ്യപരമായി വളരെ ശോചനീയമായ അവസ്ഥയാണ് ആദിവാസികളുടേത്. ആദിവാസി മേഖലയിലെ പല പി. എച്ച്. സി. കളിലും ആവശ്യത്തിന് ഡോക്ടർമാരോ മറ്റ് സ്റ്റാഫോ, മരുന്നോ ഇല്ല. കുഷ്ഠവും ക്ഷയവും പടർന്നുകൊണ്ടിരിക്കുന്ന കണ്ണൂർ ജില്ലയിലെ ആദിവാസികൾക്കിടയിൽ ആരോഗ്യ വകുപ്പിന്റെ അടിയന്തിര ശ്രദ്ധപതിയണം. ആദിവാസികളുടെ മാത്രം സ്വത്തായ പാരമ്പര്യ ചികിത്സാ രീതി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ അഭിരുചിക്ക് അനുയോജ്യമായ പദ്ധതിക്ക് രൂപം നൽകി എല്ലാവർക്കും വീട് ലഭ്യമാക്കണം. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള പട്ടിക വർഗ്ഗവിഭാഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് അലംഭാവം കാട്ടാതെ അവരുടെ ഉന്നതിക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ബഹുമാനപ്പെട്ട സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട എം. എൽ. എ. ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച്, ഭൂമി നഷ്ടപ്പെട്ട മുഴുവൻ ആദിവാസികൾക്കും അവരുടെ ഭൂമി തിരിച്ചു

11A.M.] കൊടുക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ചുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുപോലെ തന്നെ ഒരു സെന്റു ഭൂമി പോലും സ്വന്തമായി ഇല്ലാത്ത മുഴുവൻ ആദിവാസികൾക്കും ഒരു ഏക്കർ ഭൂമി എങ്കിലും കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരികയും ഈ സഭാ സമ്മേളനം കഴിഞ്ഞാൽ അവർക്ക് അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. അതുപോലെ മുഴുവൻ ആദിവാസികൾക്കും വാസ യോഗ്യമായ പാർപ്പിടം 9-ാം പഞ്ചവൽസര പദ്ധതിയോടുകൂടി കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം തന്നെ ഏകദേശം 670 പഞ്ചായത്തുകളിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 9-ാം പഞ്ചവൽസര പദ്ധതിയോടുകൂടി മുഴുവൻ ആദിവാസികൾക്കും ഭൂമി കൊടുക്കാൻ കഴിയുമെന്ന് അതിലൂടെതന്നെ തെളിയിക്കപ്പെടുകയാണ്. അതുപോലെ റോഡ്, വെള്ളം, വെളിച്ചം തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ ഇന്ന് ത്രിതല പഞ്ചായത്തുകൾ വഴി നടന്നു വരികയാണ്. അതുപോലെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയുന്ന രീതിയിൽ ഒട്ടേറെ പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. സർക്കാർ സർവ്വീസിൽ 2 ശതമാനം ആദിവാസികൾക്ക് റിസർവ് ചെയ്തത് ആവർക്കുതന്നെ കിട്ടാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്താണ് വലിയ പ്രശ്നം. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം രോഗത്തിനും പട്ടിണിക്കുമൊക്കെ പരിഹാരം കാണാനുള്ള ഒട്ടേറെ നടപടികളും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന റിമോട്ട് ഏരിയാകളിൽ ആദിവാസികളെത്തന്നെ സോഷ്യൽ ആക്ടിവിസ്റ്റുകളാക്കി മാറ്റിക്കൊണ്ട് ഏകദേശം 625 പേരെ ഇപ്പോൾ നിയമിച്ചുകഴിഞ്ഞു. ആയിരം പേരെ നിയമിക്കാനുള്ള നടപടിയും അവർക്ക് പരിശീലനം കൊടുത്തുകൊണ്ട് നടപ്പിലാക്കുകയാണ്. അതുപോലെ തന്നെ അതിക്രമങ്ങൾക്കിരയാകുന്ന ആദിവാസികൾക്ക് ആനുകൂല്യം കൊടുക്കാനും അതിക്രമങ്ങൾ തടയാനുമുള്ള നടപടികൾ സ്വീകരിക്കുകയാണ്. അതുകൊണ്ട് തന്നെയാണ് അതിക്രമങ്ങൾ കുറഞ്ഞുവരുന്നത്. നേരത്തെ ഇവിടെ ബഹുമാന്യനായ മെമ്പർ പറഞ്ഞ അവിവാഹിതരായ അമ്മമാരുടെ പ്രശ്നത്തിനും നടപടി സ്വീകരിച്ചു. അതിന്റെ ഭാഗമായിട്ടാണ് ഡി. എൻ. എ ടെസ്റ്റ് ഒക്കെ നടത്തിയത്. അതിന്റെ ഭാഗമാക്കി അവിവാഹിതരായ അമ്മമാരുടെ എണ്ണം കുറഞ്ഞുവരികയാണ്. അവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി ബഹുമാനപ്പെട്ട മെമ്പറുടെ സാന്നിദ്ധ്യത്തിൽ തന്നെ ആരംഭിച്ചിട്ടുണ്ട്. അവർക്ക് തൊഴിലും വിദ്യാഭ്യാസവും പാർപ്പിടവും കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതുപോലെ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ചില പ്രശ്നങ്ങളുണ്ട് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഫോറസ്റ്റ് ഡിവിഷൻ ബേസിസിലും ആദിവാസികളേയും ജനപ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് ആദിവാസികളെ സംരക്ഷിക്കുന്നതിന് വേണ്ടി ഓരോ ഡിവിഷൻ ബേസിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റികളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ കുറെക്കൂടി മെച്ചപ്പെടുത്തിക്കൊണ്ട് ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആദിവാസികളുടെ വിദ്യാഭ്യാസം ഏറ്റവും പ്രധാന്യത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. വിദ്യാഭ്യാസ രംഗത്തേയ്ക്ക് കൂടുതൽ ആദിവാസികളെ ആകർഷിക്കുന്നതിനുവേണ്ടി, ഇന്നലെ ക്യാബിനറ്റ് കൂടിക്കൊണ്ട് ആദിവാസികളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പണിയരുടേയും അടിയരുടേയും കുട്ടികളെ 1-ാം ക്ലാസ് മുതൽ പഠിപ്പിക്കാൻവേണ്ടി ആശ്രമം സ്കൂളുകൾ വായനാട്ടിൽ തന്നെ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞു. അത് ഇന്നലെ ക്യാബിനറ്റ് അംഗീകരിക്കുകയും ചെയ്തു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ 2 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആദിവാസികൾക്കുവേണ്ടി വീണ്ടും ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ വിവിധ രംഗത്ത് ഇന്ന് ആദിവാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ, ദുരിതങ്ങൾ ഇവയ്ക്ക് പരിഹാരം കാണാനുള്ള ക്രിയാത്മകമായ നടപടിയാണ് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

(24) 'തണൽ' ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് സാമ്പത്തിക സഹായം

ശ്രീ. ജി. കാർത്തികേയൻ : സർ, 'തണൽ' എന്ന പേരിൽ ഒരു ഭവന നിർമ്മാണ പദ്ധതി തിരുവനന്തപുരത്ത് ആരംഭിച്ചു. 1-ാം ഘട്ടം എന്ന നിലയിൽ ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും ഗ്രാമ പഞ്ചായത്തിന്റേയും തുകയായ 7,500 രൂപ ഇവർക്ക് കൊടുത്തു കഴിഞ്ഞു. അതനുസരിച്ച് താമസിച്ചിരുന്ന ചെറിയ വീടുകളെല്ലാം ഈ പദ്ധതിയിൽപ്പെട്ട ആളുകൾ പൊളിച്ചുനീക്കി അവിടെ 1-ാം ഘട്ട പ്രവർത്തനം ആരംഭിച്ചു. 2-ാം ഘട്ടത്തിന്റെ സഹായം അവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല. ജില്ലാ സഹകരണ ബാങ്കുവഴി റൂട്ടു ചെയ്തു വരേണ്ട സാമ്പത്തികധനമായതുകൊണ്ട് ഇവിടെ ഒരു തടസ്സം വന്നു. അത് ലഭിക്കാത്തതുകൊണ്ട് വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സത്തിലായിരിക്കുന്നു. ആ തടസം നീക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, 'തണൽ' എന്ന ഭവന പദ്ധതിപ്രകാരം 30,000 വീടുകളാണ് തിരുവനന്തപുരം ജില്ലയിൽ ഈ വർഷം നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ അതിന്റെ ആദ്യത്തെ ഗഡുവായി 7,500 രൂപ വീതം വിതരണം ചെയ്തു കഴിഞ്ഞു. 2-ാം ഗഡു ജനറൽ വിഭാഗത്തിന് 10,500 രൂപ വീതവും പട്ടികവർഗ്ഗ വിഭാഗത്തിന് 13,000 രൂപ വീതവും ഇപ്പോൾ വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ അടുത്തദിവസമാണ് പണം അനുവദിച്ചത്. വീടുവയ്ക്കുന്നതിന് മറ്റ് പ്രശ്നങ്ങളൊന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് അടിയന്തിരമായി പരിഹരിച്ച് ആ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകും.

LIBRARY ARCHIVES Kerala Legislative Assembly